**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1807** **29-09-2025 - ൽ മറുപടിയ്ക്ക്**

**കൊളീജിയറ്റ് എജ്യുക്കേഷൻ വകുപ്പിന് കീഴിലെ ഒഴിവുകൾ സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കൊളീജിയറ്റ് എജ്യുക്കേഷൻ വകുപ്പിന് കീഴിൽ അസിസ്റ്റന്റ് പ്രൊഫസർ (സുവോളജി) തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടെന്നു വ്യക്തമാക്കാമോ; | (എ) | കൊളീജിയറ്റ് എഡ്യൂക്കേഷൻ വകുപ്പിന് കീഴിൽ നിലവിൽ ഒരു താൽക്കാലിക പ്രിൻസിപ്പാൾ പ്രൊമോഷൻ ഉൾപ്പെടെ 11 ഒഴിവുകൾ അസിസ്റ്റന്റ് പ്രൊഫസർ (സുവോളജി) തസ്തികയിൽ നിലവിൽ ഉണ്ട്. |
| (ബി) | പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (ബി) | വകുപ്പിന്റെ പ്രാഥമിക കണക്കെടുപ്പിൽ സുവോളജി വിഭാഗത്തിൽ 16 മണിക്കൂർ മതിയായ വർക്ക് ലോഡ് ഇല്ലാത്ത 10 തസ്തികകൾ അധികമാണെന്ന് കണ്ടെത്തിയിരുന്നു. അധിക തസ്തികയ്ക്ക് ഉപരിയായി സുവോളജി വിഷയത്തിൽ ഉണ്ടായ ഒരു ഒഴിവ് പി. എസ്. സി യ്ക്ക് റിപ്പോർട്ട് ചെയ്യുകയും ടി ഒഴിവിലേയ്ക്ക് ഒരു ഉദ്യോഗാർത്ഥിയ്ക്ക് നിയമന ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) | കാറ്റഗറി നമ്പർ 295/19 വിജ്ഞാപന പ്രകാരം നിലവിൽ വന്ന അസിസ്റ്റന്റ് പ്രൊഫസർ (സുവോളജി) പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | കാറ്റഗറി നമ്പർ 295/19 വിജ്ഞാപന പ്രകാരം നിലവിൽ വന്ന അസിസ്റ്റന്റ് പ്രൊഫസർ (സുവോളജി) പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും 3 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ